(5) ഹെഡ് നേഴ്സ് അസിസ്റ്റന്റ് തസ്തിക അനുവദിക്കുക.

(6) പ്രമോഷൻ തസ്തികകൾക്ക് നേരിട്ട് നിയമനം അവസാനിപ്പിക്കുക- അർഹതപ്പെട്ടവർക്ക് പ്രമോഷൻ അനുവദിക്കുക.

(7) പ്രമോഷൻ സാദ്ധ്യത ഇല്ലാത്ത ജീവനക്കാർക്ക് ഗ്രേഡും തസ്തികമാറ്റവും അനുവദിക്കുക.

(8) ജോലി സമയം 8 മണിക്കൂറായി നിശ്ചയിക്കുക.

(9) പ്രൊവിഷണൽ ജീവനക്കാരെ സ്ഥിരപ്പെടുത്തുക. പാർട്ട് ടൈം ജീവനക്കാർക്ക് പ്രമോഷൻ നൽകുക.

(10) ജീവനക്കാരെയും ആശ്രിതരെയും പരിഗണിക്കുക.

(ബി) ഈ ആവശ്യങ്ങളെ അടിസ്ഥാനപ്പെടുത്തി ഗവൺമെന്റ് 5-3-1979-ൽ മേൽപ്പറഞ്ഞ സംഘടനാ പ്രതിനിധികളെ ഉൾക്കൊള്ളിച്ചു കൊണ്ട് ഒരു വിപുലമായ കോൺഫറൻസ് വിളിച്ചു കൂട്ടുകയുണ്ടായി. പ്രസ്തുത കോൺഫറൻസിൽ എടുത്ത തീരുമാനങ്ങളുടെ മിനിട്സ് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

ഗ്രൗണ്ട് വാട്ടർ വകുപ്പ്

* 629 [674] ശ്രീ. കെ. വി. കുര്യൻ:

,, വി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ ഡിവിഷനൽ ഓഫീസുകൾ തുറക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഈ ഡിപ്പാർട്ടുമെന്റ് വികസിപ്പിക്കുന്നതിന് ഉദ്ദേശ്യമുണ്ടോ?

കൃഷി വകുപ്പു മന്ത്രി (ശ്രീ. എ. എൽ. ജേക്കബ്ബ്): (എ), (ബി) ഇക്കാര്യത്തിൽ ചീഫ് ഹൈഡ്രോ ജിയോളജിസ്റ്റിൽ നിന്നും കിട്ടിയിട്ടുള്ള ചില നിർദ്ദേശങ്ങൾ ഗവൺമെന്റിന്റെ സജീവ പരിഗണനയിലിരിക്കുകയാണ്.

ആശുപത്രികളിലുള്ള കിടക്കകൾ

* 630 [675] ശ്രീ. ത്യാഗരാജൻ:

,, എ. പി. താമരാക്ഷൻ:

,, കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ ആശുപത്രികളിലുമായി 1978 മാർച്ച് 31 വരെ എത്ര കിടക്കകൾ ഉണ്ടായിരുന്നു;

(ബി) ഈ സാമ്പത്തിക വർഷം എത്ര കിടക്കകൾ കൂടുതലായി അനുവദിച്ചു?

† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

പൊതുജനാരോഗ്യ വകുപ്പു മന്ത്രി (ശ്രീ. കെ. പി. പ്രഭാകരൻ)

(എ) ഹെൽത്ത് ഡിപ്പാർട്ടുമെൻറിന്റെ കീഴിലുള്ള ആരോഗ്യ സ്ഥാപനങ്ങളിലും മെഡിക്കൽ കോളേജ് ആശുപത്രികളിലും ആയി 1978 മാർച്ച് 31 വരെ 28,244 കിടക്കകളും ഉണ്ടായിരുന്നു.

(ബി) 576 കിടക്കകളും കൂടുതലായി അനുവദിച്ചിട്ടുണ്ട്.

മിൽമാ എഞ്ജിനീയേഴ്സ് അസോസിയേഷന്റെ മെമ്മോറാണ്ടം

* 631 [676] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) മിൽമാ എഞ്ജിനീയേഴ്സ് അസോസിയേഷന്റെ മെമ്മോറാണ്ടം ഗവൺമെൻറിന് ലഭിച്ചിട്ടുണ്ടോ;

(ബി) മിൽമാ എഞ്ജിനീയറുമാരുടെ അടിയന്തിരാവശ്യങ്ങൾ അടങ്ങിയ പ്രസ്തുത മെമ്മോറാണ്ടത്തിന്റെ അടിസ്ഥാനത്തിൽ ബോർഡ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് പറയാമോ;

(സി) മിൽമായുടെ നെയ്യ്ക്ക് കിലോഗ്രാമിന് 3 രൂപ വില വർദ്ധിപ്പിച്ചത് എന്ത് അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ?

കൃഷിവകുപ്പു മന്ത്രി (ശ്രീ. എ. എൽ. ജേക്കബ്):

(എ) ഉണ്ട്.

(ബി) മെമ്മോറാണ്ടത്തിൽ ഉന്നയിച്ചിട്ടുള്ള ഡിമാൻറുകൾ ഒന്നും തന്നെ ബോർഡിനോ ഗവൺമെൻറിനോ സ്വീകാര്യമായി തോന്നിയിട്ടില്ല.

(സി) ഉല്പാദനച്ചെലവ്, വിപണിയിലെ വിലനിലവാരം തുടങ്ങിയ പ്രസക്ത വസ്തുതകൾ കണക്കിലെടുത്തുകൊണ്ടാണ്.

ഡെൻറൽ കോളേജിലെ പുതിയ തസ്തികകൾ

* 632 [677] ശ്രീ. എ. എ. റഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1977-78-ൽ ഡെൻറൽ കോളേജിൽ എത്തെല്ലാം ഡിപ്പാർട്ടുമെൻറിൽ ട്യൂട്ടർ പോസ്റ്റ് അപ് ഗ്രേഡ് ചെയ്തിട്ടുണ്ട്;

(ബി) അപ്ഗ്രേഡ് ചെയ്ത ഡിപ്പാർട്ടുമെൻറിൽ വീണ്ടും ട്യൂട്ടർ തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിന് കാരണമെന്ത്?

പൊതുജനാരോഗ്യ വകുപ്പു മന്ത്രി (ശ്രീ. കെ. പി. പ്രഭാകരൻ):

(എ) 1977-78-ൽ ഡെൻറൽ കോളേജിൽ ട്യൂട്ടറുടെ തസ്തിക കളൊന്നും അപ്ഗ്രേഡ് ചെയ്തിട്ടില്ല. എന്നാൽ 10-1-70 ൽ ഓറൽഡെയ ഗ്നോസിസ് ആൻറ് ഡെൻറൽ റേഡിയോളജി എന്ന ഡിപ്പാർട്ടുമെൻറിലെ ഒരു ട്യൂട്ടർ പോസ്റ്റ് നിർത്തലാക്കികൊണ്ട് ഒരു അസിസ്റ്റൻറ് പ്രൊഫസറുടെ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly